## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.704 — 13.06.2012 ൽ മറുപടിക്ക്

### കാസർഗോഡ് ജനറൽ ആശുപത്രിയിലെ ലിഫ്റ്റ് തകരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജനറൽ ആശുപത്രിയിലെ ലിഫ്റ്റ് എത്ര തുകയ്ക്കാണ് സ്ഥാപിച്ചിട്ടുള്ളത്; | (എ) പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗമാണ് ലിഫ്റ്റ് സ്ഥാപിച്ചത്. ആയതിനാൽ ആരോഗ്യ വകുപ്പിൽ തുക സംബന്ധിച്ച വിവരം ലഭ്യമല്ല. |
| (ബി) ഈ ലിഫ്റ്റ് ഇടയ്ക്കിടെ തകരാറിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ രണ്ട് പ്രാവശ്യം ലിഫ്റ്റ് തകരാറിലായിട്ടുണ്ട്. |
| (സി) എങ്കിൽ ഇതിനുള്ള അടിസ്ഥാന കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗമാണ് വാർഷിക മെയിന്റനൻസ്, കരാർ, റിപ്പയർ തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നത്. |
| (ഡി) ലിഫ്റ്റ് ഇടയ്ക്കിടെ തകരാറിലാകുന്നത് മൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഇ) കഴിഞ്ഞ ഏപ്രിൽമാസത്തിലാണ് അവസാനമായി ലിഫ്റ്റ് തകരാറിലായത്. പുതിയ മോട്ടോർ ഘടിപ്പിച്ച് 1.6.2012 മുതൽ ലിഫ്റ്റ് സാധാരണ നിലയിൽ പ്രവർത്തിക്കാൻ തുടങ്ങി. പൊതുമരാമത്ത് വകുപ്പും ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റും ആണ് സാങ്കേതിക കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. ഒരു ബദൽ സംവിധാനം എന്ന നിലയ്ക്ക് റാമ്പ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗം ചെയ്തുവരുന്നു. |

B.V.Kumar

സെക്ഷൻ ഓഫീസർ